നം: സി.ഇ.ഇ/3737/2012/KEAM -2013/ റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# വിജ്ഞാപനം

## കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശന പരിക്ഷ-2013 ഉത്തര സൂചികകൾ പ്രസിദ്ധീകരിച്ചു

2013 ഏപ്രിൽ **22, 23** തീയതികളിൽ നടന്ന എഞ്ചിനീയറിംഗ് പ്രവേശന പരിക്ഷയുടേയും, **24, 25** തീയതികളിൽ നടന്ന മെഡിക്കൽ (എം.ബി.ബി.എസ്/ബി.ഡി.എസ് ഒഴികെ) പ്രവേശന പരീക്ഷയുടേയും ഉത്തരസൂചികകൾ ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. ഉത്തരസൂചികകൾ www.cee.kerala.gov.in , www.cee-kerala.org എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

ഉത്തരസൂചികകൾ സംബന്ധിച്ച് ആക്ഷേപമുള്ള പരീക്ഷാർത്ഥികൾ അവ അനുബന്ധ രേഖകളും, ആക്ഷേപമുന്നയിക്കുന്ന ഓരോ ചോദ്യത്തിനും **100 രൂപ** ഫീസ് എന്ന ക്രമത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റും സഹിതം **02.05.2013, വ്യാഴാഴ്ച**ക്കുള്ളിൽ തപാൽ വഴിയോ നേരിട്ടോ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ലഭ്യമാക്കേണ്ടതാണ്. നിശ്ചിത തീയതിക്കു ശേഷം ലഭിക്കുന്നതും, നിശ്ചിത ഫീസില്ലാതെ ലഭിക്കുന്നതും, e-mail, ഫാക്സ് എന്നിവ മുഖാന്തിരം ലഭിക്കുന്നതുമായ പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഉന്നയിച്ചിരിക്കുന്ന ആക്ഷേപം ശരിയാണെന്ന് ബോധ്യപ്പെട്ടാൽ അതിന് വേണ്ടി നൽകിയ തുക തിരികെ നൽകുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
25.04.2013